11 (1743) ഉപരിപഠനത്തിന് പോകുന്നവർക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

ശ്രീ. ടി.എസ്.ജോൺ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപരിപഠനത്തിനുപോകുന്നവർക്ക് ഇൻക്രിമെന്റും പ്രമോഷനും മറ്റാനുകൂല്യങ്ങളും നൽകുവാനുള്ള 16-3-98-ലെ സർക്കുലർ നമ്പർ 16/98/ഫിൻ,6/3/99-ലെ സർക്കുലർ നമ്പർ 15/ആർ.4/99/ഫിൻ പ്രകാരം റദ്ദുചെയ്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) 6.3.99-നു മുൻപ് പഠനം കഴിഞ്ഞവർക്ക് ഈ ആനുകൂല്യങ്ങൾ ലഭിക്കുമോ;

(ഡി) ഇതിനായി ഇപ്പോൾ എത്ര അപേക്ഷകൾ അനുവാദം ലഭിക്കാതെ നിലവിലുണ്ട്;

(ഇ) 6.3.99-ലെ സർക്കുലർ നമ്പർ 15/ ആർ.4/99 ഉത്തരവ് പിൻവലിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(എഫ്) എങ്കിൽ എന്നത്തേക്ക് പിൻവലിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

കേരള സർവ്വീസ് റൂൾസിലെ ചട്ടം 91 (എ) പ്രകാരം പഠനാവശ്യത്തിന് അനുവദിക്കുന്ന അവധിമാത്രമേ സർവ്വീസ് ആനുകൂല്യത്തിന് പരിഗണിക്കുകയുള്ളൂ എന്നും ചട്ടം 88,91 പ്രകാരം അനുവദിക്കുന്ന അവധി പെൻഷൻ ഉൾപ്പെടെ ഒരാനുകൂല്യത്തിനും പരിഗണിക്കുകയില്ല എന്നും നിഷ്കർഷിക്കുന്നതായിരുന്നു 16.3.98-ൽ പുറപ്പെടുവിച്ച സർക്കുലർ.

(ബി) പ്രസ്തുത സർക്കുലറിൽ ഒരു തെറ്റു കടന്നു കൂടിയതുകൊണ്ടാണ് അതു റദ്ദു ചെയ്തത്.

(സി) സർക്കുലർ റദ്ദു ചെയ്തതുകൊണ്ട് മുൻപു ലഭിച്ചുകൊണ്ടിരുന്ന ആനുകൂല്യങ്ങൾ തുടർന്നും ലഭിക്കും.

(ഡി) ഇത്തരം അപേക്ഷകൾ ഒന്നും തന്നെ ധനവകുപ്പിന്റെ പരിഗണനയിലില്ല.

(ഇ) മുൻപുണ്ടായിരുന്ന ആനുകൂല്യങ്ങൾ പുനഃസ്ഥാപിച്ചിരിക്കുന്നതിനാൽ 6/3/99-ലെ സർക്കുലർ പിൻവലിക്കേണ്ടതില്ല.

(എഫ്) ധനകാര്യമന്ത്രി അംഗീകരിച്ചത്.

12 (1744) സ്വയം തൊഴിൽ കണ്ടെത്തുന്നതിനുള്ള വായ്പ

ശ്രീ. കെ.ടി. കുഞ്ഞഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly